**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3671** **12-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ വിജിലൻസ് വിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ വിജിലൻസ് വിംഗിൽ വിവിധ വിഭാഗം ജീവനക്കാരെ അംഗങ്ങളാക്കിയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | യാത്രക്കാർക്ക് സുരക്ഷിതയാത്ര പ്രദാനം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളുടെ ഭാഗമായും, ബസുകളുടെ മെക്കാനിക്കൽ തകരാറുകൾ, വിവിധ സാങ്കേതിക തകരാറുകൾ, ഓഫ്റോഡ്, ബസുകളുടെ പരിപാലനം, കുറഞ്ഞ KMPL, ഡ്രൈവിംഗ് പോരായ്മകൾ എന്നിവ സംബന്ധിച്ചുള്ള പരാതികൾ അന്വേഷിക്കുന്നതിനും, ബസുകളുടെ അപകടങ്ങൾക്ക് കാരണമാകുന്ന സാങ്കേതിക തകരാറുകൾ പരിശോധിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ടെക്നിക്കൽ വിജിലൻസ് ടീം രൂപീകരിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി. ടെക്നിക്കൽ വിജിലൻസ് ടീം രൂപീകരിക്കുന്നതിനായി ജില്ലാതലത്തിൽ അംഗങ്ങളെ തിരഞ്ഞെടുത്തു നിയോഗിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) ചെയർമാൻ ആയും, എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്), എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), മെക്കാനിക്കൽ എഞ്ചിനീയർ(ചീഫ് ഓഫീസ്), മാനേജർ (എം.& ഡബ്ല്യൂ.) എന്നിവർ മെമ്പർമാർ ആയും ഉള്ള 5 അംഗ കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്.<br><br>പ്രസ്തുത കമ്മിറ്റി ജില്ലാതലത്തിൽ അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ, വെഹിക്കിൾ സൂപ്പർവൈസർ, മെക്കാനിക്ക്, ഇൻസ്പെക്ടർ എന്നിങ്ങനെ 4 പേരെ തിരഞ്ഞെടുത്ത് നാമനിർദ്ദേശം ചെയ്ത അംഗങ്ങളെയാണ് ജില്ലാ ടെക്നിക്കൽ വിജിലൻസ് ടീമിലേക്ക് നിയോഗിച്ചിട്ടുള്ളത്.<br><br>ഇപ്രകാരം ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെട്ടന്ന ഇൻസ്പെക്ടർ, അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ, വെഹിക്കിൾ സൂപ്പർവൈസർ, മെക്കാനിക്ക് എന്നിവർ |

| | | | |
|---|---|---|---|
| | | | അടങ്ങുന്ന ഒരു ജില്ലാ ടെക്നിക്കൽ വിജിലൻസ് ടീം ഉണ്ടായിരിക്കുന്നതാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സുകളിൽ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് സൗജന്യ നിരക്കിലോ, വാടക ഇളവിലോ ഓഫീസ്/ കെട്ടിട സൗകര്യങ്ങൾ അനുവദിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ